പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2316 **27-10-2026-ൽ മറുപടിയ്ക്ക്**

മഞ്ചേരി കോമൺ ഫെസിലിറ്റി സെന്ററിന്റെ ഭാവി പുരോഗതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) മഞ്ചേരിയിൽ വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കോമൺ ഫസിലിറ്റി സെന്ററിന്റെ (സി.എഫ്.സി.) നിലവിലെ പ്രവർത്തന പുരോഗതികൾ വ്യക്തമാക്കാമോ;

മറുപടി: മഞ്ചേരി കോമൺ ഫെസിലിറ്റി സർവീസ് സെന്ററിനെ (CFSC) മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി റബ്ബർ, ടൂൾ റൂം വിഭാഗങ്ങളിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുകയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സെന്ററിന്റെ നവീകരണത്തിനും പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം 68.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും നൂതന യന്ത്രസാമഗ്രികളും ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി 3.20 കോടി രൂപയുടെ പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ, 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ തുക പര്യാപ്തമല്ലാത്തതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സെന്റർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും കൂടുതൽ പ്രാദേശിക സംരംഭകർക്ക് പ്രയോജനകരമാകുന്ന രീതിയിൽ വികസിപ്പിക്കുന്നതിനും കൂടുതൽ ഫണ്ട് അനുവദിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) മഞ്ചേരി സി.എഫ്.സി.-യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ ഏതെങ്കിലും സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അവ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മറുപടി: റാമ്പ് (RAMP-Raising and Accelerating MSME Performance) പദ്ധതിയുടെ ഭാഗമായി സെന്ററിലെ ഗുണനിലവാര മാനേജ്മെന്റ് സംവിധാനങ്ങളും (QMS) ലബോറട്ടറി സൗകര്യങ്ങളും

നവീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ, പദ്ധതി മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കാവുന്നവയ്ക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ